**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5069** **20-03-2025 - ൽ മറുപടിയ്ക്ക്**

**കടുത്തുരുത്തി മിനി സിവിൽ സ്റ്റേഷനിൽ വിവിധ ഓഫീസുകൾക്ക് സ്ഥലം അനുവദിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കടുത്തുരുത്തി മിനി സിവിൽ സ്റ്റേഷനിൽ വിവിധ സർക്കാർ ഓഫീസുകൾക്ക് സ്ഥലം അനുവദിക്കുന്നതിനുള്ള നടപടികൾ വിശദീകരിക്കാമോ; | (എ) | പൊതുമരാമത്ത് കെട്ടിടവിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 16/04/2024ലെ ഡിബി2 272/2013 നമ്പർ കത്തിൽ ലഭ്യമാക്കിയ സ്കെച്ച് പ്രകാരം വിവിധ വകുപ്പുകൾക്ക് കോട്ടയം ജില്ലാ കളക്ടറുടെ 10/3/2021 ലെ എ9/5240/2020 നമ്പർ നടപടിക്രമം പ്രകാരം സ്ഥലം അനുവദിച്ച് നൽകിയിട്ടുള്ളതാണ്. |
| (ബി) | സിവിൽ സ്റ്റേഷൻ കമ്മ്യൂണിറ്റി ഹാൾ ഗ്രാമപഞ്ചായത്തിന് കൈമാറുന്നത് സംബന്ധിച്ച് കൈക്കൊണ്ടിരിക്കുന്ന തീരുമാനം വ്യക്തമാക്കാമോ; | (ബി) | റവന്യൂ രേഖകളുടെ പരിശോധനയിൽ കടുത്തുരുത്തി മിനി സിവിൽ സ്റ്റേഷൻ സ്ഥിതി ചെയ്യുന്ന ഭൂമി റവന്യൂ വകുപ്പിന്റേതായി കാണുന്നതിനാൽ ഇപ്രകാരം റവന്യൂ വക ഭൂമിയിൽ പൊതുമരാമത്ത് വിഭാഗം പണിത സിവിൽ സ്റ്റേഷൻ റവന്യൂ വകുപ്പിന്റെ അധീനതയിൽ ഉള്ളതാണെന്നും ആയതിനാൽ ആഡിറ്റോറിയം റവന്യൂ വകുപ്പിന്റെ അധീനതയിൽ പൊതുവായി ഉപയോഗിച്ച് വരേണ്ടതാണെന്നും ജില്ലാ കളക്ടറുടെ അധ്യക്ഷതയിൽ 14/8/2019 ലെ യോഗത്തിൽ തീരുമാനമായിട്ടുള്ളതാണ്. |
| (സി) | കടുത്തുരുത്തി വില്ലേജ് ഓഫീസ് മാറ്റി സ്ഥാപിക്കുന്നത് സംബന്ധിച്ചും സിവിൽ സ്റ്റേഷൻ പൂർണ്ണമായും പ്രവർത്തന സജ്ജമാക്കുന്നത് സംബന്ധിച്ചും അവ്യക്തത നിലനിൽക്കുന്നത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; | (സി) | കടുത്തുരുത്തി മിനി സിവിൽ സ്റ്റേഷനിൽ കടുത്തുരുത്തി വില്ലേജ് ഓഫീസിനായി അനുവദിച്ചിരുന്ന മുറികളിൽ ഓഫീസ് സംവിധാനം സജ്ജീകരിച്ചിട്ടില്ലാത്തതിനാൽ ടി മുറികളിൽ വില്ലേജ് ഓഫീസ് പ്രവർത്തനം ആരംഭിച്ചിട്ടില്ലാത്തതാണ്. കടുത്തുരുത്തി വില്ലേജ് ഓഫീസ് ഒഴികെ മറ്റ് എല്ലാ സർക്കാർ ഓഫീസുകളും കടുത്തുരുത്തി മിനി സിവിൽ സ്റ്റേഷനിൽ പ്രവർത്തിച്ചു വരുന്നു. |
| (ഡി) | മിനി സിവിൽ സ്റ്റേഷനിൽ എം.എൽ.എ. ഓഫീസ് വാടകയ്ക്ക് പ്രവർത്തിക്കുന്നതിന് ബഹു. റവന്യൂ വകുപ്പ് മന്ത്രി നൽകിയ പ്രത്യേക ഉത്തരവ് നടപ്പാക്കുന്നത് സംബന്ധിച്ചും ഇക്കാര്യത്തിൽ ജില്ലാകളക്ടറുടെ തീരുമാനം എന്താണെന്നും വിശദീകരിക്കാമോ; | (ഡി) | കടുത്തുരുത്തി മിനി സിവിൽ സ്റ്റേഷനിൽ കടുത്തുരുത്തി വില്ലേജ് ഓഫീസിനായി അനുവദിച്ചിരുന്ന 5-ാം നമ്പർ മുറി ജില്ലാ കളക്ടറുടെ 20/02/2025 ലെ എ9-5240/2020 നമ്പർ നിർദ്ദേശ പ്രകാരം എം.എൽ.എ ഓഫീസിന്റെ പ്രവർത്തനത്തിനായി വൈക്കം തഹസീൽദാരുടെ |

| | | | |
|---|---|---|---|
| | | | 6/3/2025 ലെ എ1- 328/2024/ TLKVKM നമ്പർ നടപടിക്രമം പ്രകാരം അനുവദിച്ച് ഉത്തരവായിട്ടുള്ളതാണ്. |
| (ഇ) | കേന്ദ്രീയ വിദ്യാലയത്തിന്റെ കെട്ടിടം നിർമ്മിക്കാൻ കടുത്തുരുത്തി പോളിടെക്നിക് കോമ്പൗണ്ടിൽ സർക്കാർ നൽകിയ എട്ട് ഏക്കർ സ്ഥലത്തെ നിർമ്മാണ അനുമതിയുടെ തടസ്സം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടി വ്യക്തമാക്കാമോ; പഞ്ചായത്ത് വിലയ്ക്ക് വാങ്ങിയ ഭൂമിയിൽ പൊതു കെട്ടിടം പണിയുന്നതിനുള്ള തടസ്സം വിശദീകരിക്കാമോ; | (ഇ) | കടുത്തുരുത്തി കേന്ദ്രീയ വിദ്യാലയത്തിന് പാട്ടത്തിന് നൽകിയിട്ടുള്ള കടുത്തുരുത്തി വില്ലേജിലെ സർവെ നമ്പർ 32,58,59, എന്നിവയിൽപ്പെട്ട 8 ഏക്കർ ഭൂമി കൃഷിയോഗ്യമായ നിലമായതിനാൽ ആയതിലെ താഴ്ന്ന പ്രദേശങ്ങളിൽ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം 2008 പ്രകാരം പൊതു ആവശ്യങ്ങൾക്കായി മണ്ണിട്ട് നികത്തുന്നത് സംബന്ധിച്ച് പ്രാദേശിക നിരീക്ഷണ സമിതിയുടെ ശിപാർശ സംസ്ഥാന തല സമിതി മുമ്പാകെ സമർപ്പിച്ചിരുന്നതും, എന്നാൽ കേന്ദ്രീയ വിദ്യാലയത്തിനായി കണ്ടെത്തിയ ഭൂമി പരിവർത്തനപ്പെടുത്തിയാൽ പാരിസ്ഥിതിക വ്യവസ്ഥയെ ദോഷമായി ബാധിക്കുമെന്ന് സംസ്ഥാന തല സമിതി നിരീക്ഷിച്ചതിനാൽ പരിവർത്തനപ്പെടുത്തുന്നതിനുള്ള അപേക്ഷ നിരസിച്ചുകൊണ്ട് തീരുമാനമുണ്ടായതായി പ്രിൻസിപ്പൽ സെക്രട്ടറി, കൃഷി (എൻ.സി.എ) 15.01.2022 ലെ 67/എൻ.സി.എ2/2019/കൃഷി നം.കത്ത് പ്രകാരം അറിയിച്ചിട്ടുള്ളതാണ്<br><br>കേന്ദ്രീയ വിദ്യാലയത്തിനായി കണ്ടെത്തിയ ഭൂമി പരിവർത്തനപ്പെടുത്തുന്നതിനുള്ള അപേക്ഷ നിരസിച്ചുകൊണ്ടുള്ള സംസ്ഥാനതല സമിതി യുടെ നടപടി പുന:പരിശോധിക്കുന്നതിനാവശ്യമായ നടപടി സർക്കാർ തലത്തിൽ അടിയന്തരമായി കൈക്കൊള്ളണമെന്നും ആയതിന് സാധിക്കാത്ത പക്ഷം നിലവിൽ കേന്ദ്രീയ വിദ്യാലയം പ്രവർത്തിച്ചു വരുന്ന എച്ച്.എൻ.എൽ വകയായിരുന്ന ഭൂമി നിലവിൽ കേരള സർക്കാരിന്റെ ഉടമസ്ഥതയിൽ പ്രവർത്തിക്കുന്ന കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡ് ന്റെ ഉടമസ്ഥതയിൽ വന്ന് ചേർന്നിട്ടുള്ളതിനാൽ ടി ഭൂമിയിൽ നിന്നും കേന്ദ്രീയ വിദ്യാലയ നിർമ്മാണത്തിന് ആവശ്യമായ ഭൂമി വ്യവസായ വകുപ്പിന്റെ അനുമതിയോടുകൂടി അനുവദിക്കുന്നതിനാവശ്യമായ നടപടി സർക്കാർ തലത്തിൽ സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ച് ജില്ലാ കളക്ടർ 03.01.2025 തീയതിയിൽ എൽ 3 -1845/2018 നമ്പർ പ്രകാരം പ്രൊപ്പോസൽ സമർപ്പിച്ചിട്ടുള്ളതും ആയത് സർക്കാർ പരിശോധിച്ച് വരികയുമാണ് |
| (എഫ്) | അഗ്രികൾച്ചറൽ സ്റ്റേറ്റ് ലെവൽ കമ്മിറ്റി പ്രത്യേക അനുമതി നൽകിയ പ്രകാരം കടുത്തുരുത്തി | (എഫ്) | കടുത്തുരുത്തി പോളി ടെക്നിക്ക് കോമ്പൗണ്ടിലേയ്ക്ക് റോഡ് നിർമ്മിക്കുന്നതിന് ഭൂമി ഏറ്റെടുക്കുന്നതുമായി |

| | | | |
|---|---|---|---|
| | പോളിടെക്നിക് കോമ്പൗണ്ടിലേക്ക് റോഡ് നിർമ്മിക്കുന്നതിനാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ? | | ബന്ധപ്പെട്ട് പൊന്നുംവില ഓഫീസറായ പാലാ എൽ എ (ജനറൽ), സ്പെഷ്യൽ തഹസിൽദാരും, അർത്ഥനാധികാരിയായ പി.ഡബ്ല്യൂ.ഡി കെട്ടിട വിഭാഗം ജീവനക്കാരും കൂടി സംയുക്ത സ്ഥലപരിശോധന നടത്തിയിട്ടുള്ളതാണ്. സംയുക്ത സ്ഥലപരിശോധനയിൽ കണ്ടെത്തിയിട്ടുള്ള വിട്ടുപോയ സർവെ നമ്പരുകൾ ഉൾപ്പെടുത്തി പുതുക്കിയ റിക്വിസിഷനും, സർക്കാർ ഉത്തരവും അർത്ഥനാധികാരിയായ പി ഡബ്ല്യൂ ഡി കെട്ടിട വിഭാഗം എക്സിക്യൂട്ടിവ് എൻജിനീയർ ലഭ്യമാക്കുന്ന മുറയ്ക്ക് ഭൂമി ഏറ്റെടുക്കൽ നടപടികൾ ആരംഭിക്കുവാൻ കഴിയുന്നതാണ് എന്ന വിവരം അറിയിച്ച് കൊള്ളുന്നു. |

സെക്ഷൻ ഓഫീസർ